LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 27, ചൊവ്വ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 2004 ജൂലൈ മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 503.

ടൂറിസം വികസനത്തിനായി ദീർഘകാല പദ്ധതികൾ

*1 [503] ശ്രീ. കെ. ബി. ഗണേഷ്കുമാർ:

„ ഷിബു ബേബിജോൺ:

„ ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി സർക്കാർ ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) അറിയപ്പെടാത്തതും അവികസിതവുമായ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുവാനും വികസിപ്പിക്കുവാനുമുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ,

(എ) ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) അടുത്ത 25 കൊല്ലക്കാലം കേരളത്തിന്റെ ടൂറിസം രംഗത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടുന്ന പദ്ധതികളെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്നതാണ് "ടൂറിസം വിഷൻ 2025". ദീർഘ-ഹ്രസ്വകാല പദ്ധതികളും, നൂതനാശയങ്ങൾ സമന്വയിപ്പിച്ച് നടപ്പിലാക്കേണ്ടുന്ന പദ്ധതികളും ഉൾപ്പെടെ ഈ രംഗത്തുണ്ടാക്കാൻ പോകുന്ന വിവിധ പദ്ധതികളുടെ സംക്ഷിപ്ത രൂപം കൂടിയാണീ രേഖ. കൂടാതെ മറീന പ്രോജക്ട്—കൊച്ചി, ഗോൾഫ് കോഴ്സ്—കൊച്ചി, ഗ്രീൻ സിറ്റി പ്രോജക്ട്—കോഴിക്കോട്, എയർപോർട്ട് ഹോട്ടൽ പ്രോജക്ട്—നെടുമ്പാശ്ശേരി, കൊച്ചി ലാന്റ് ബാങ്ക് സ്കീം എന്നിവ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് വിഭാവനം ചെയ്യുന്ന ദീർഘകാല പദ്ധതികളാണ്.

(സി) ഉണ്ട്. അറിയപ്പെടാത്ത തദ്ദേശ ടൂറിസം കേന്ദ്രങ്ങൾ കണ്ടുപിടിച്ച് അവ വികസിപ്പിക്കുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനും 25 ലക്ഷം രൂപയുടെ പദ്ധതി സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അടുത്ത 25 വർഷത്തേയ്ക്കുള്ള ടൂറിസം പദ്ധതികൾ വളരെ കാര്യമായി പ്ലാൻ ചെയ്യുന്നുവെന്ന് ഇവിടെയിപ്പോൾ പറയുകയുണ്ടായി. കേരളത്തിന്റെ കിഴക്കൻ മേഖലയായ പത്തനാപുരം നിയോജക മണ്ഡലത്തിന്റെ കിഴക്കുഭാഗത്ത് തമിഴ്നാടിന്റെ അതിർത്തിയിൽ വളരെ മനോഹരമായ തമിഴ്നാട്ടിലെ ഊട്ടിയുടേയോ കൊടൈക്കനാലിന്റേയോ മനോഹാരിത നിറഞ്ഞുനിൽക്കുന്ന അച്ചൻകോവിൽ എസ്റ്റേറ്റ്—പ്രിയ എസ്റ്റേറ്റ് ഉണ്ട്. അവിടെ മുൻ മന്ത്രി പ്രൊഫ. കെ. വി. തോമസ് സന്ദർശിക്കുകയും ഉദ്യോഗസ്ഥന്മാർ അവിടെ വരികയും 600 ഏക്കർ വരുന്ന ആ ലാന്റ് ഏറ്റെടുത്തുകൊണ്ട് ടൂറിസത്തിന്റെ Land Bank പദ്ധതിയിൽപ്പെടുത്തിയും അവിടെ ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയും connect ചെയ്തുമൊക്കെ വലിയൊരു ടൂറിസം പദ്ധതി പ്ലാൻ ചെയ്തിരുന്നു. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ഒന്ന് വിശദീകരിക്കുകയും അത് ഏറ്റെടുത്ത് ഏത്രയുംവേഗം ആരംഭിക്കാൻ കഴിയുമോ എന്ന് പറയുകയും ചെയ്താൽ കൊള്ളാം.

ശ്രീ. പി. ശങ്കരൻ: സർ, കൊല്ലം ജില്ലയിലെ തെന്മല ഇക്കോ ടൂറിസം പ്രോജക്ടിനോട് സാമീപ്യമുള്ള 500 ഏക്കർ വിസ്തീർണ്ണമുള്ള പ്രിയ എസ്റ്റേറ്റ് ഏറ്റെടുത്ത് ഇക്കോ ടൂറിസം പദ്ധതി വികസിപ്പിക്കണമെന്നുള്ള ഒരു പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. മുൻ ടൂറിസം വകുപ്പുമന്ത്രിയും എം.എൽ.എ.-മാരും ഉദ്യോഗസ്ഥന്മാരുമൊക്കെ ഈ സ്ഥലം നേരത്തേ സന്ദർശിച്ചിരുന്നു. ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചിരിക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കൊല്ലം ജില്ലയിൽ തന്നെ ടൂറിസം വകുപ്പ് അഷ്ടമുടിക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അഷ്ടമുടിക്കായലിനെ കേന്ദ്രീകരിച്ചുകൊണ്ട് water sports ഒക്കെയുൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബൃഹത്തായ പദ്ധതി പ്ലാൻ ചെയ്തിരുന്നു. ആ പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: സർ, ഇത്തരം ഒരു പ്രോജക്ട് തയ്യാറായിട്ടുണ്ട്. ഈ പ്രോജക്ട് മറ്റു വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ചു ചെയ്യേണ്ടതാണ്. വളരെ ബൃഹത്തായ ഒരു പദ്ധതിയായതിനാൽ വിദേശ സഹായമുണ്ടെങ്കിൽ മാത്രമേ ഇത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ, ഇതിനായി ഗവൺമെന്റ് ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. കെ. ഷാജു: സർ, അടുത്ത 25 വർഷക്കാലത്തെ ടൂറിസം പദ്ധതികളെ സംബന്ധിച്ചൊക്കെ പറഞ്ഞു. ദീർഘകാല പദ്ധതികൾ, ഹ്രസ്വകാല പദ്ധതികൾ എന്നിങ്ങനെ ടൂറിസം പദ്ധതികളെ വേർതിരിച്ചിട്ടുണ്ടോ, എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്താമോ?

ശ്രീ. പി. ശങ്കരൻ: ഇത് വിശദീകരിച്ചു പറയുകയാണെങ്കിൽ വളരെ സമയമെടുക്കും. എന്തായാലും ടൂറിസം വികസനം ലക്ഷ്യമാക്കിക്കൊണ്ട് ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ടൂറിസത്തിന് സാമ്പത്തിക മേഖലകളിൽ മുൻഗണന നൽകുക, അതുപോലെ സാംസ്ക്കാരിക പൈതൃകം സംരക്ഷിക്കുകയും പരിരക്ഷിക്കുകയും ചെയ്യുംവിധം ചിരസ്ഥായിയായ ടൂറിസം വികസനത്തിന് ഊന്നൽ നൽകുക, സ്വകാര്യ മേഖലകളുടെ പങ്കാളിത്തത്തോടുകൂടി പശ്ചാത്തല സൗകര്യങ്ങൾ നിർമ്മിക്കുക, കായൽപ്പരപ്പ്, ആയുർവേദം, പരിസ്ഥിതിസംരക്ഷണം, പരിസ്ഥിതി ടൂറിസം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, അതുപോലെ അടിസ്ഥാന വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, മനുഷ്യ വിഭവശേഷി ഈ സംസ്ഥാനത്തിനകത്തുതന്നെ ഉപയോഗപ്പെടുത്താൻ ശ്രദ്ധ ചെലുത്തുക, ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും professionalism കൊണ്ടുവരിക, സുവനീർ, കരകൗശലം എന്നിവ പ്രധാന ടൂറിസം ഉല്പന്നങ്ങളായി വികസിപ്പിക്കുക, മദ്യം ലഭ്യമാക്കുന്ന വൻകിട ഹോട്ടലുകളും അതുപോലെതന്നെ സാധാരണ ബാറുകളും വേർതിരിക്കാൻ പറ്റുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുക, ദേശീയ അന്തർദ്ദേശീയ വിപണികളിൽ കേരള ടൂറിസത്തിന് പ്രത്യേക മേഖലകൾ കണ്ടെത്തി വികസിപ്പിക്കുക, ടൂറിസ്റ്റ് ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കർശനമായ നിയമങ്ങൾ നിർമ്മിക്കുക, ആ നിയമങ്ങൾ നടപ്പിലാക്കുക, ടൂറിസ്റ്റു കേന്ദ്രങ്ങളിൽ വാർത്താ വിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക ഇത്രയുമൊക്കെയാണ് പ്രധാനമായി ഉദ്ദേശിക്കുന്ന ദീർഘകാല പദ്ധതികൾ.

ശ്രീ. കെ. കെ. ഷാജു: സർ, അവികസിത മേഖലകളിൽ ടൂറിസം പദ്ധതികൾ വികസിപ്പിക്കുമെന്നു പറഞ്ഞു. എന്റെ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്തിൽ 100 ഏക്കർ വിസ്തൃതിയുള്ള വയ്യാങ്കരച്ചിറ ശുദ്ധജലതടാകം പഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്, അത് ടൂറിസം വകുപ്പിന് വിട്ടുകൊടുത്തുകഴിഞ്ഞു. അത് വിട്ടുകൊടുത്തിട്ട് രണ്ടുവർഷമായി. 100 ഏക്കർ വിസ്തൃതിയുള്ള ശുദ്ധജല തടാകം വികസിപ്പിക്കുന്നതിന് ഒരു ടൂറിസം പ്രോജക്ട് തയ്യാറാക്കുവാൻ ഇതുവരെ കഴിഞ്ഞില്ല. അടിയന്തിരമായി ഗവൺമെന്റ് ആ പദ്ധതി ഏറ്റെടുക്കണം,

അത് മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥലമാണ്. നമ്മുടെ ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ ഇതുപോലുള്ള ഒരു സ്കീം നടപ്പിലാക്കാൻ കഴിയില്ല, കാരണം അത് ജനങ്ങൾ കുടിക്കുന്നതാണ്. ഇവിടെ ആ ഒരു പ്രശ്നമില്ല. മദ്ധ്യതിരുവിതാംകൂറിൽ ഏറ്റവും നന്നായി ടൂറിസം പദ്ധതി വികസിപ്പിക്കാൻ കഴിയുന്ന, boating ഒക്കെ നടത്താൻ കഴിയുന്ന, ഒരു പദ്ധതി എന്നുള്ള നിലയിൽ ഈ പദ്ധതിക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, വ്യക്തമായി ഇക്കാര്യത്തെക്കുറിച്ച് എനിക്കറിയില്ല. എന്തായാലും ഇത്തരമൊരു പ്രോജക്ട് ഗവൺമെന്റിന്റെ മുമ്പാകെ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്വാഭാവികമായും ഇത്തരമൊരു പ്രോജക്ട് തയ്യാറാക്കേണ്ടത് ഡി.ടി.പി.സി.-യാണ്. ഡി.ടി.പി.സി. തയ്യാറാക്കി ടൂറിസം ഡിപ്പാർട്ടുമെന്റിന് അയച്ച് Tourism Department working group ചേർന്ന് ശുപാർശ ചെയ്താൽ പ്രായോഗികമാണെങ്കിൽ ആ പദ്ധതി നടപ്പിലാക്കാൻ ശ്രമം നടത്തുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, "ടൂറിസം വിഷൻ 2025" എന്ന ദീർഘകാല പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് മന്ത്രി പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ മൂവാറ്റുപുഴ മൂന്ന് ആറുകളുടെ സംഗമസ്ഥലമാണ്. ത്രിവേണി സംഗമമെന്ന് അറിയപ്പെടുന്ന ആ പ്രദേശം ഹൈറേഞ്ചിന്റെ കവാടം കൂടിയാണ്. ധാരാളം ടൂറിസ്റ്റുകൾ വന്നുപോകുന്ന ഒരു കവാടമെന്നുള്ള നിലയിൽ മൂവാറ്റുപുഴയുടെ പ്രാധാന്യം കണക്കിലെടുത്ത് Tourism Promotion Council തന്നെ ഒരു വലിയ പദ്ധതി, അവിടെ ഒരു ropeway-യും അതുപോലെതന്നെ boat service അടക്കമുള്ള കാര്യങ്ങളുമെല്ലാം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിക്ക് അംഗീകാരം നൽകുമോ?

ശ്രീ. പി. ശങ്കരൻ: സർ, കേരളത്തിന്റെ ടൂറിസം വികസനത്തിന് ഗുണകരമാകുന്ന പദ്ധതിയാണെങ്കിൽ നിശ്ചയമായും ഇത് പരിഗണിക്കുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻവേണ്ടി ടൂറിസം ഡിപ്പാർട്ടുമെന്റ് ധാരാളം പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളടക്കം നമ്മുടെ നാട്ടിൽ വന്നുപോകുന്ന ടൂറിസ്റ്റുകൾക്ക് സുരക്ഷിതത്വം ഇല്ലെന്നുള്ള ആക്ഷേപം പലപ്പോഴും ഉണ്ടാകാറുണ്ട്. രണ്ടുദിവസം മുമ്പുതന്നെ ആലപ്പുഴയിൽ വിദേശ ടൂറിസ്റ്റുകളെ ആക്രമിച്ച ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുപോലുള്ള കാര്യങ്ങളുണ്ടാകാതിരിക്കാൻ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുവാൻ, വരുന്ന ടൂറിസ്റ്റുകൾക്ക് പരമാവധി protection കൊടുക്കാനുള്ള നടപടി ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ടൂറിസ്റ്റുകൾക്ക് സംരക്ഷണം നൽകുന്ന കാര്യം ദീർഘകാല പദ്ധതിയിലും ഹ്രസ്വകാല പദ്ധതിയിലും ഉൾപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്താനും വിദേശ ടൂറിസ്റ്റുകൾക്കാവശ്യമായ സംരക്ഷണം നൽകുന്നതിന് കർശനമായി നിയമം നടപ്പിലാക്കാനുമുള്ള ഉദ്ദേശം ഗവൺമെന്റിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, കേരളത്തിന്റെ ടൂറിസം മേഖലയിൽ മലബാർ അവഗണിക്കപ്പെട്ടുകിടക്കുകയാണ്. ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ കോട്ടയാണ് കണ്ണൂർ കോട്ട. ആ കോട്ട ഇപ്പോൾ Central Archaeology Department-ന്റെ കീഴിലാണുള്ളത്. വളരെ ചരിത്രപ്രധാനമായ ഒരു സ്ഥലമാണത്. 1505-ൽ പോർച്ചുഗീസുകാർ നിർമ്മിച്ചതും 1663-ൽ ഡച്ചുകാർ പിടിച്ചെടുത്തതും 1772-ൽ അറയ്ക്കൽ രാജാവിന് വിറ്റതും 1790-ൽ ബ്രിട്ടീഷുകാർ പിടിച്ചെടുത്തുതുമായ ആ കോട്ട സംരക്ഷിച്ച് അവിടെ ടൂറിസ്റ്റുകളെ ആകർഷിക്കേണ്ടതുണ്ട്. അതുപോലെതന്നെ മുഴപ്പിലങ്ങാടി ബീച്ചിന്റെ ഒരു പ്രത്യേകത എന്നു പറയുന്നത് അത് കേവളത്തേക്കാളും സുരക്ഷിതമായ കടൽത്തീരമാണ്, ഒരു കിലോമീറ്റർ നീളത്തിൽ സുരക്ഷിതമായി കടലിൽ ഇറങ്ങാൻ കഴിയുന്ന സൗകര്യമാണ് മുഴുപ്പിലങ്ങാടി ബീച്ചിലുള്ളത്. അതുപോലെതന്നെ മാടായിപ്പാറ, വിദേശികളുടെ ആദ്യകാല അധിവാസ കേന്ദ്രമടക്കമുള്ളതാണ് ഈ മാടായിപ്പാറ, അതുപോലെ Aralam Wildlife Sanctuary ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് മലബാറിന്റെ ടൂറിസം വികസനത്തിനുവേണ്ടി ഒരു പ്രത്യേക പദ്ധതി ടൂറിസം ഡിപ്പാർട്ടുമെന്റ് തയ്യാറാക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ടൂറിസം വികസനത്തിന്റെ ഭാഗമായി കായലുകളും കടൽത്തീരങ്ങളും വികസിപ്പിക്കൽ മലബാർ പ്രദേശത്തേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ചേറ്റുവ, കടലുണ്ടി, കോഴിക്കോട്, പറശ്ശിനിക്കടവ്, നീലേശ്വരം, വലിയ പറമ്പ് എന്നീ സ്ഥലങ്ങൾ ഡിപ്പാർട്ട്മെന്റ് പരിഗണിച്ചുവരികയാണ്. ഈ സ്ഥലങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഗവൺമെന്റ് പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ വിശദമായി ഒരു പ്രോജക്ട് തയ്യാറാക്കി അയയ്ക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റിന് അല്പംപോലും വിമ്മിഷ്ടമില്ല എന്നു സന്തോഷസമേതം അറിയിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ പറഞ്ഞു, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പ്രാദേശികമായിട്ടുള്ള തടാകങ്ങൾ വികസിപ്പിക്കുന്നതിനും ടൂറിസ്റ്റു കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും ശ്രമിക്കുമെന്ന്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പുതിയകാവ് ചിറയ്ക്ക്, ഗവൺമെന്റ് ഒരു കോടിയോളം രൂപ മുടക്കി പണി പകുതിയാകുന്ന ഘട്ടംവരെ എത്തിച്ചിട്ടുണ്ട്. അതിന്റെ രണ്ടാം ഘട്ട, മൂന്നാം ഘട്ട പ്രവർത്തനത്തിനുവേണ്ടി ഗവൺമെന്റിന്റെ പക്കൽ പ്രൊപ്പോസൽ ഉണ്ട്. ഗവൺമെന്റ് അതു സംബന്ധിച്ച് രണ്ടു മൂന്നു തവണ ചർച്ചകൾ നടത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇതു നല്ലൊരു പൂമ്പൊലയാണ്. അതു ഡെവലപ് ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, പുതിയകാവ്ചിറ ഓൺ ഗോയിംഗ് പ്രോജക്ടിൽ ഉൾപ്പെട്ടതാണ്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് ഈ പ്രോജക്ട് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: സർ, കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിൽ ഏഴ് കി. മീറ്റർ നീളമുള്ള മനോഹരമായ ഒരു ബീച്ചുണ്ട്. മീൻകുന്ന് ബീച്ചെന്നു പറയും. അതിനെ വിദേശ ടൂറിസ്റ്റുകൾ വന്നിട്ടു പറയുന്നത് മിയാമി ബീച്ചെന്നാണ്. മിയാമി ബീച്ചിനെക്കൂടി വെല്ലുന്ന ഒരു ബീച്ചാണിത്. അവിടത്തെ തിര ഏറ്റവും മനോഹരമാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഇക്കാര്യത്തിൽ താല്പര്യമെടുത്തിട്ടുണ്ട്. ഡി.ടി.പി.സി. ബൃഹത്തായ ഒരു പ്രോജക്ട് ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. അടിയന്തിരമായും ഈ പ്രോജക്ട് ഇംപ്ലിമെന്റു ചെയ്യുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തു നിന്നും നീക്കം ഉണ്ടാകുമോ?

ശ്രീ. പി. ശങ്കരൻ: ഇതു സംബന്ധിച്ച് ഒരു പ്രോജക്ട് വർക്കിംഗ് ഗ്രൂപ്പിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് അതു പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ: അവികസിത ടൂറിസ്റ്റു കേന്ദ്രങ്ങളെ കണ്ടെത്തി വികസിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ ജില്ലയായ മലപ്പുറം ജില്ലാ ആസ്ഥാനത്തോടു തൊട്ടു കിടക്കുന്ന ഏതാണ്ട് 40 ഏക്കറോളം വരുന്ന മനോഹരമായ സ്ഥലം കോട്ടക്കുന്ന് എന്ന പേരിലാണ് അറിയപ്പെടുന്നത്. ടിപ്പുസുൽത്താന്റെ പടയോട്ടവുമായി ബന്ധപ്പെട്ടും മലബാർ കലാപവുമായി ബന്ധപ്പെട്ടും ഒട്ടനവധി ചരിത്രമുള്ള കോട്ടക്കുന്ന് വികസിപ്പിക്കുന്നതിനുവേണ്ടി കോട്ടക്കുന്ന് ഡെവലപ്മെന്റ് സ്കീം എന്നൊരു പദ്ധതിക്ക് ജില്ലാ പ്രൊമോഷൻ കൗൺസിൽ അഞ്ചരക്കോടി രൂപ ചെലവു വരുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഡിപ്പാർട്ടുമെന്റിനു സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒന്നരക്കോടി രൂപ എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും ത്രിതല പഞ്ചായത്തുകളുടെയും സഹകരണത്തോടുകൂടി കണ്ടെത്തണം എന്നു ഡി.ടി.പി.സി. തന്നെ പറഞ്ഞിട്ടുണ്ട്. ബാക്കി വരുന്ന നാലു കോടി രൂപയുടെ സഹായം ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ട് വളരെ നാളുകളായി. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല. ഒരു കോടി രൂപയിൽ കൂടുതൽ തരുന്നത് ബുദ്ധിമുട്ടാണ് എന്നുള്ള രീതിയിലുള്ള മറുപടിയാണ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുള്ളത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസം കേന്ദ്രം, നല്ല രീതിയിൽ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളുമോ?

ശ്രീ. പി. ശങ്കരൻ: സർ, ടൂറിസം വികസനത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ഒരു ജില്ലയാണ് മലപ്പുറം ജില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കോട്ടക്കുന്ന് ഡെവലപ്മെന്റ് സ്കീം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. അതു നടപ്പിലാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. മത്തായി ചാക്കോ: സർ, മലബാറിലെ ചരിത്രപ്രസിദ്ധമായ നിരവധി കേന്ദ്രങ്ങൾ ഉൾപ്പെടുന്നതാണ് എന്റെ മണ്ഡലമായ മേപ്പയൂരും ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലമായ കൊയിലാണ്ടിയും നാണുവേട്ടന്റെ മണ്ഡലമായ വടകരയും. ഇതു തച്ചോളി ഒതേനന്റെ സ്ഥലമാണ്. ലോകനാർകാവ്, പൈങ്കുറ്റിമല, ചോയിപ്പുഴ

തുടങ്ങിയ കേന്ദ്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കി മാറ്റിയാൽ ഏറ്റവും നന്നായിരുന്നു. അവിടെ മണിയൂർ പുഴയുടെ തീരത്തു നിന്നാൽ രക്തസമ്മർദ്ദം തന്നെ കുറഞ്ഞുപോകും. അത്ര മനോഹരമായ ഒരു പ്രദേശമാണ്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ആ പ്രദേശത്തെ ഉൾപ്പെടുത്തി, ലോകനാർകാവ് ഉൾപ്പെടെയുള്ള പ്രദേശത്തെ പരിഗണിച്ചുകൊണ്ട് ഒരു ടൂറിസ്റ്റു കേന്ദ്രമാക്കി മാറ്റുവാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ലോകനാർകാവും പൈങ്കുറ്റി മലയും ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഡി.ടി.പി.സി. പാലക്കാട് ജില്ലയിലെ മലമ്പുഴ, പോത്തുണ്ടി, നെല്ലിയാമ്പതി, പറമ്പിക്കുളം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി ടൂറിസം വികസനത്തിനായി ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അതിനു ടൂറിസം ഡിപ്പാർട്ടുമെന്റ് ഇതുവരെ അനുമതി നൽകിയിട്ടില്ല. ടൂറിസം വികസനത്തിന് വളരെയേറെ സാധ്യതകളുള്ള ഈ പദ്ധതിക്ക് കഴിയുംവേഗം അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, നടപടി സ്വീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, സ്വകാര്യ മേഖലയുടെ സഹായത്തോടുകൂടി ടൂറിസം പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുമെന്ന് ദീർഘകാല പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ ഒരു കുട്ടി ജനിക്കുന്നതു മുതൽ മരിക്കുന്നതുവരെയുള്ള എല്ലാ സന്ദർഭങ്ങളിലും ഇടപെടുന്ന വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് സഹകരണ മേഖല. ഈ സഹകരണ മേഖലയെ ടൂറിസം വികസനവുമായി ബന്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം. കണ്ണൂർ ജില്ലയിൽ, പറശ്ശിനിക്കടവിൽ വീഗാലാന്റിനെപ്പോലെയുള്ള വളരെ പ്രധാനപ്പെട്ട ഒരു കേന്ദ്രം ആരംഭിക്കുന്നതിനു വേണ്ടി സഹകരണമേഖല തീരുമാനിച്ചിട്ടുണ്ട്. അതിനു സഹായം നൽകുന്നതിനുള്ള തീരുമാനമുണ്ടാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, തികച്ചും സ്വാഗതാർഹമായ ഒരു നിർദ്ദേശമാണ്. സ്വകാര്യ മേഖലയുടെ സഹായമില്ലാതെ ടൂറിസം വികസനം പൂർത്തിയാക്കാൻ കേരളത്തിനു സാധിക്കില്ല. കോടിക്കണക്കിനു രൂപ ആവശ്യമുള്ള ഒരു പദ്ധതിയാണ്. പലതും ഗവൺമെന്റ് മാത്രം വിചാരിച്ചാൽ നടക്കില്ല. ഏതായാലും സഹകരണ മേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, ടൂറിസം വികസനം ലക്ഷ്യമാക്കിക്കൊണ്ട് മുന്നോട്ടു പോകാൻ ഗവൺമെന്റ് തയ്യാറാണ്. അത്തരം പദ്ധതികൾ ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചു കഴിഞ്ഞാൽ അക്കാര്യം വളരെ ഗൗരവമായി കണക്കിലെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, 'ദൈവത്തിന്റെ സ്വന്തം നാട്' ഇന്നു മാലിന്യത്തിന്റെ നാടായി മാറിയിരിക്കുകയാണ്. ഇന്നു ബീച്ചുകളും നഗരങ്ങളും എത്രയാണുള്ളത്? ഒരു പത്തു വർഷം കഴിയുമ്പോൾ ടൂറിസ്റ്റുകൾക്ക് ഇങ്ങോട്ടു കടക്കാൻ പോലും കഴിയാത്ത ഒരു സ്ഥിതിയാണ് ഉണ്ടാവുക. അതുകൊണ്ട് മാലിന്യ നിർമ്മാർജ്ജനത്തിനും ടൂറിസം പ്രൊമോഷനുംവേണ്ടി ഒരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ദീർഘകാല പദ്ധതികളിൽ ആറാമത്തെ ഇനമായിട്ടാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുദ്ധജല വിതരണവും, മാലിന്യ നിർമ്മാർജ്ജനവുമാണ് പ്രധാനം. ഇതിനു ടൂറിസം ഡിപ്പാർട്ടുമെന്റ് വളരെയധികം ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ വേണ്ട പരിഗണന നൽകുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ദൈവത്തിന്റെ സ്വന്തം നാട് ഇപ്പോൾ രോഗികളുടെ സ്വന്തം നാടാകാൻ പോകുകയാണ്. ടൂറിസത്തെ പ്രോൽസാഹിപ്പിക്കണം. അതു വേണ്ടെന്നുള്ള അഭിപ്രായം എനിക്കില്ല. പക്ഷേ അതു ഗൗരവതരമായ ഒരു ആരോഗ്യപ്രശ്നം കൂടിയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എൺപതിനായിരം എച്ച്.ഐ.വി. പോസിറ്റീവ് പേഷ്യൻസാണ് കേരളത്തിലുള്ളത്. പുറത്തു നിന്നു വരുന്ന ഒരു വിദേശിയേയും എച്ച്.ഐ.വി. ടെസ്റ്റിനു വിധേയരാക്കാറില്ല. ഓരോ വർഷം കൂടുന്തോറും എച്ച്.ഐ.വി. പോസിറ്റീവ് പേഷ്യൻസിന്റെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള പ്രധാന കാരണം ഇവരോടൊപ്പം തന്നെ ചില വൈറസ്സുകളും കേരളത്തിൽ വരുന്നു എന്നുള്ളതാണ്. ദക്ഷിണാഫ്രിക്കയിൽ ഒരു ഗ്രാമം അങ്ങനെ തന്നെ എലിമിനേറ്റു ചെയ്യപ്പെട്ടു. കേരളം എയിഡ്സ് രോഗികളുടെ നാടായി മാറാൻ പോകുകയാണ്. ഇതിന് ഏറ്റവും കൂടുതൽ സംഭാവനകൾ നൽകുന്നത് വിദേശ ടൂറിസ്റ്റുകളായിരിക്കും. അതുകൊണ്ട് കർശനമായും എച്ച്.ഐ.വി. ടെസ്റ്റിന് ഈ വിദേശികളെ വിധേയരാക്കണം എന്നാണ് എനിക്കു പറയുവാനുള്ളത്. അതിനു വല്ല പദ്ധതിയും ടൂറിസം വകുപ്പിൽ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: നമ്മൾ മര്യാദയ്ക്കു നിന്നാൽ അതൊന്നും വരില്ല.

ശ്രീ. പി. ശങ്കരൻ: വിദേശ ടൂറിസ്റ്റുകളെ ഇത്തരമൊരു പരിശോധനയ്ക്കു വിധേയമാക്കാനുള്ള ഒരു പദ്ധതിയും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. നയപരമായ പ്രശ്നമായതിനാൽ ഇക്കാര്യത്തിൽ പെട്ടെന്ന് ഒരു മറുപടി പറയാൻ എനിക്കു സാധിക്കില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ടൂറിസം വികസനത്തിനു ഏറ്റവും സാദ്ധ്യതയുള്ളത് കടലോര ടൂറിസത്തിനാണ്. ഇവിടെ പല മെമ്പർമാരുടെയും ചോദ്യത്തിൽ കടന്നു വന്നതും ഇതു തന്നെയാണ്. നമ്മുടെ അതിമനോഹരമായ ബീച്ചുകൾ ഇപ്പോൾ മാലിന്യമുക്തമാണ്. നമ്മുടെ നദികളൊക്കെ മലിനമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കടലോര ടൂറിസത്തിനുവേണ്ടി സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ പ്രത്യേകമായി ഒരു പ്രോജക്ട് തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: സർ, കടലോര ടൂറിസം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളാണ് ഏറ്റവും കൂടുതൽ ഇപ്പോഴുള്ളത്. അതുകൊണ്ടു തന്നെ ഈ പ്രശ്നം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ടൂറിസത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ പല തെറ്റായ പ്രവണതകളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും ഹൗസ് ബോട്ടുകൾ കേന്ദ്രീകരിച്ചുകൊണ്ടു നടക്കുന്ന പ്രവർത്തനങ്ങൾ. അതെക്കുറിച്ച് നമ്മുടെ മാധ്യമങ്ങളെല്ലാം ചൂണ്ടിക്കാണിച്ചതാണ്. ആശാസ്യകരമല്ലാത്ത രീതിയിലുള്ള പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. തായ്ലന്റിനെപ്പോലെ സാംസ്ക്കാരിക ഭ്രംശം സംഭവിച്ച ഒരു നാടെന്നുള്ള നിലയിൽ തന്നെ പല മാധ്യമങ്ങളും ഇതിനെക്കുറിച്ച് എഴുതിയിരിക്കുന്നു. ശ്രീ. എ.കെ. ബാലൻ ചൂണ്ടിക്കാണിച്ചതു ഉൾപ്പെടെയുള്ള പല പ്രശ്നങ്ങളും നിലനിൽക്കുന്ന ഒരു പരിതസ്ഥിതിയിൽ സാംസ്ക്കാരികമായി ടൂറിസ്റ്റുകളെ പ്രോൽസാഹിപ്പിക്കാനും ടൂറിസ്റ്റു കേന്ദ്രങ്ങളെ വിപുലപ്പെടുത്താനും നമ്മുടെ സാംസ്ക്കാരിക തനിമ നിലനിർത്തിക്കൊണ്ട് ചെയ്യാൻ പറ്റുന്ന വിധത്തിൽ ഒരു ടൂറിസ്റ്റു നിയമം ഈ സംസ്ഥാനത്തു കൊണ്ടുവരാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇവിടെ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതുൾപ്പെടുന്നുണ്ട്. ടൂറിസ്റ്റുകൾക്ക് കൂടുതൽ പരിരക്ഷ നൽകുന്നതിനാവശ്യമായ എല്ലാ സംവിധാനങ്ങളും ആരംഭിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 'കൊല്ലം കണ്ടവന് ഇല്ലം വേണ്ട' എന്നായിരുന്നു മുൻകാലങ്ങളിലുള്ള ചൊല്ല്. എന്നാൽ അതിപ്പോൾ തിരിച്ച് 'ഇല്ലം കണ്ടവന് കൊല്ലം വേണ്ട' എന്നാണ്. ഇപ്പോൾ യാതൊരു അട്രാക്ഷനും അവിടെയില്ല. കൊല്ലം ഡി.റ്റി.പി.സി. തന്നെ ഒരു ഡസനോളം പ്രോജക്ടുകൾ ടൂറിസം ഡിപ്പാർട്ടുമെന്റിനു മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിലൊന്നുപോലും വേണ്ടതു പോലെ ഏറ്റെടുക്കാനോ മേൽ നടപടി സ്വീകരിക്കാനോ തയ്യാറായിട്ടില്ല. അതിന് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിശിഷ്യാ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു വിനോദമാണ് വള്ളംകളി. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ചമ്പക്കുളം വള്ളംകളി ഉദ്ഘാടനം ചെയ്തുകൊണ്ട് വളരെ സന്തോഷകരമായി എല്ലാ വള്ളംകളികൾക്കും 50,000 രൂപവച്ച് കൊടുക്കുമെന്ന് പ്രഖ്യാപനം നടത്തി. വരുന്ന ഓണക്കാലത്തുതന്നെ ഈ പ്രഖ്യാപനം നടപ്പിലാക്കി വള്ളംകളികളെ പ്രോൽസാഹിപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, എല്ലാ വള്ളംകളികൾക്കും 50,000 രൂപ കൊടുക്കുമെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഏതെങ്കിലും പരിഗണിക്കത്തക്ക വള്ളംകളികളുണ്ടെങ്കിൽ അത് ഗവൺമെന്റ് പരിശോധിച്ച് അവയ്ക്ക് സഹായം നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സാവിത്രി ലക്ഷ്മണൻ: സർ, അതിരപ്പിള്ളി, വാഴച്ചാൽ തുടങ്ങി പ്രസിദ്ധവും പ്രകൃതിരമണീയവുമായ പ്രദേശങ്ങളെ തഴുകി കടന്നുപോകുന്ന ഒരു റോഡുണ്ട് ഇന്റർസ്റ്റേറ്റ് ഹൈവേ-ആനമലറോഡ്. ടൂറിസം ഡിപ്പാർട്ടുമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ആദ്യം നടപ്പിലാക്കിത്തുടങ്ങിയ ഒരു പ്രോജക്ട് ആനമല റോഡാണ്. ഇതിന്റെ ഫസ്റ്റ് ഫെയിസ് തീരുന്ന മുറയ്ക്ക് സെക്കന്റ് ഫെയിസിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്നാണ് ഗവൺമെന്റിൽ നിന്നും അറിയിച്ചിരുന്നത്. ആ സെക്കന്റ് ഫെയിസിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കാനുള്ള നിർദ്ദേശങ്ങൾ ദയവായി നൽകുമോ?

ശ്രീ. പി. ശങ്കരൻ : ആനമല റോഡ് ഒരു ഓൺഗോയിംഗ് പ്രോജക്ടാണ്. അത് തുടർന്നും നടത്തുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, മലബാറിന്റെ ടൂറിസം വികസനങ്ങൾക്ക് ചിറകുനൽകിയ പ്രോജക്ടാണ് ബേക്കൽ കോട്ട കേന്ദ്രീകരിച്ചുള്ള ടൂറിസം വികസന പദ്ധതി. എന്നാൽ ബേക്കൽകോട്ട കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിയെ ഗൗരവതരത്തിൽ സർക്കാർ എടുക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. 225 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആ ഏറ്റെടുത്ത സ്ഥലത്തിൽ ഏതെങ്കിലും വിധത്തിലുള്ള വികസന പ്രവർത്തനം കൊണ്ടുവരാനുള്ള ഒരു ശ്രമവും നടക്കുന്നില്ല. ടൂറിസം വിഷൻ 2025-ന്റെ ഭാഗമായി ബി.ആർ.ഡി.സി-യെക്കൂടി ശക്തിപ്പെടുത്തി വികസന സ്വപ്നങ്ങൾക്ക് മികവ് നൽകാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ബേക്കൽകോട്ട കേന്ദ്രീകരിച്ചുള്ള പദ്ധതിക്ക് ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും അശ്രദ്ധയുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. അതിന് കൂടുതൽ പ്രധാന്യം നൽകും.

ശ്രീ. വർക്കല കഹാർ: സർ, വിനോദസഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഹരിതമനോഹരമായ നമ്മുടെ പ്രകൃതിയും പൗരാണികവാസ്തു ശിൽപകലയും ശേഷിപ്പുകളായി അവശേഷിക്കുന്ന നമ്മുടെ അതിഥി മന്ദിരങ്ങളുടെയും ഉഷസന്ധ്യകളിലും സായംസന്ധ്യകളിലും വിനോദ സഞ്ചാരികളെ ഹരംപിടിപ്പിക്കുന്ന പാപനാശം കുന്നുകളുടെയും പരിരക്ഷ ഇന്ന് നടക്കുന്നില്ല. ദീർഘകാല പദ്ധതികളിൽ ഇതുകൂടി ഉൾപ്പെടുത്തുമോ?

ശ്രീ. പി. ശങ്കരൻ: സർ, അത് പരിശോധിക്കാം.

ശ്രീ. രാജു എബ്രഹാം: സർ, അഞ്ചുലക്ഷത്തിലധികം ടൂറിസ്റ്റുകൾ കടന്നുവരുന്ന സ്ഥലമാണ് തേക്കടി. തേക്കടിയിലുള്ള ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ബോട്ടുകൾ കട്ടപ്പുറത്താണ്. തേക്കടിയിൽ ടൂറിസ്റ്റുകൾ സെക്കന്റ് ഓപ്ഷനായി തെരഞ്ഞെടുക്കുന്നത് പച്ചക്കാനം ഗെവി പ്രദേശമാണ്. അവിടെയാണ് കേരളത്തിലെ ഏറ്റവും വലിയ കടുവാസങ്കേതം. ആ സ്ഥലത്ത് ആയിരക്കണക്കിന് വിദേശികൾ

വരുന്നുണ്ട്. പക്ഷെ ടൂറിസം ഡിപ്പാർട്ടുമെന്റ് ഒരു പൈസപോലും ഇതിനായി മാറ്റിവയ്ക്കുകയോ, ഒരു പദ്ധതി പ്രദേശമായി പ്രഖ്യാപിക്കുകയോ, ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നം ടേക്കപ്പ് ചെയ്ത് ഈ കേന്ദ്രത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാനുള്ള നടപടിയെടുക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, അതൊരു ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള പശ്ചാത്തലമുണ്ടെങ്കിൽ ആ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാം.

ശ്രീ. സ്റ്റീഫൻ ജോർജ്ജ് : സർ, കുമരകം നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമാണ്. അവിടേയ്ക്ക് കടന്നുവരാനുള്ള യാത്രാസൗകര്യമില്ല. ഇപ്പോൾ കോട്ടയത്തുനിന്ന് ഒരു ചെറിയ റോഡുമാത്രമാണുള്ളത്. അത് നാലുവരിപ്പാതയാക്കുന്നതിനും എറണാകുളത്തുനിന്ന് നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെടുത്തി ജലഗതാഗതം നടത്തുന്നതിനുള്ള സ്പീഡ് ബോട്ട് സംവിധാനമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ടൂറിസം റോഡുകൾ നിർമ്മിക്കുന്നതിനോടൊപ്പം ജലഗതാഗതവും കൂടുതൽ മെച്ചപ്പെടുത്താനുള്ള ഏർപ്പാടുകൾ ഗവൺമെന്റ് ചെയ്തുവരുന്നുണ്ട്. ആ നിലയ്ക്ക് ഇതുകൂടി പരിശോധിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ടൂറിസം വികസനത്തിൽ കേരളത്തിന്റെ വടക്കേ ജില്ലകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്നുള്ളത് മന്ത്രിയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. കോഴിക്കോട് ജില്ലയിൽ പേരാമ്പ്രാ മണ്ഡലത്തിലെ പെരുവണ്ണാമൂഴി, കക്കയം എന്നീ മേഖലകൾ ടൂറിസ്റ്റ് പദ്ധതി കളാരംഭിക്കാൻ ഏറെ സാദ്ധ്യതയുള്ള കേന്ദ്രങ്ങളാണ്. ഈ മേഖലകൾ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയാവിഷ്ക്കരിച്ച് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: പെരുവണ്ണാമൂഴി, കക്കയം പ്രദേശങ്ങളുൾപ്പെടുത്തിക്കൊണ്ട് ടൂറിസം വികസനം നടത്തുന്നതാണെന്ന് കഴിഞ്ഞ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറഞ്ഞ അവസരത്തിൽ ഞാൻ സൂചിപ്പിച്ചതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, കടലും കായലുമൊക്കെ ചേർന്ന പ്രദേശമാണ് ആലപ്പുഴ ജില്ല. കടലും കായലുമൊക്കെ കണക്ടു ചെയ്യുന്ന സിസ്റ്റമുണ്ട്. ഇപ്പോൾ ആലപ്പുഴയുടെ സമഗ്ര വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയുമുൾപ്പെടെ പങ്കെടുത്ത ഒരു കോൺഫറൻസ് വിളിച്ചിരുന്നു. അതനുസരിച്ച് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. മാർച്ച് 31-ന് മുൻപ് ഈ മാസ്റ്റർ പ്ലാൻ പൂർത്തിയാകുമെന്നാണ് പറഞ്ഞത്. ഈ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: സർ, ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാനുള്ള തയ്യാറെടുപ്പ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതാണ്.

ശ്രീ. എ. എ. അസ്സീസ്: സർ, വിനോദസഞ്ചാരികൾ വന്നുപോകുന്ന ഒരു സ്ഥലമാണ് കൊല്ലത്തെ തിരുമുല്ലവാരം. തിരുമുല്ലവാരത്തെ വികസനത്തിനുവേണ്ടി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. പി. ശങ്കരൻ: സർ, എനിക്ക് ഈ പ്രദേശത്തെക്കുറിച്ച് വേണ്ടത്ര അറിവില്ല. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് ഞാൻ പരിശോധിക്കാം.

ശ്രീ. ഡി. സുഗതൻ: സർ, ടൂറിസത്തിന് ഏറ്റവും മുന്നേറ്റമുണ്ടായത് ആലപ്പുഴ ജില്ലയിലാണ്. ഇവിടെയെല്ലാം വടക്കേ ഇൻഡ്യക്കാരായ ടൂറിസ്റ്റുകളാണ് വരുന്നത്. അവിടെ അറിയപ്പെടാത്ത ഒരുപാട് കേന്ദ്രങ്ങളുണ്ട്. വാട്ടർ ടൂറിസം ഡെവലപ്മെന്റിന്റെ കാര്യം എപ്പോഴും പറയാറുണ്ട്. വാട്ടർ ടൂറിസം ഡെവലപ് ചെയ്യുന്നതിനുവേണ്ടി അവിടുത്തെ വട്ടക്കായലുകളുപയോഗിച്ചുകൊണ്ടുള്ള പദ്ധതികളുണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ : സർ, നിശ്ചയമായും പരിശോധിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ വരുന്ന സ്ഥലമാണ് മൈസൂറിലെ വൃന്ദാവനും തമിഴ്നാട്ടിലെ ഊട്ടിയും. വാസ്കോഡിഗാമയുടെ ആഗമനംകൊണ്ട് ലോകപ്രസിദ്ധമാണ് കാപ്പാട്. ആ പ്രദേശങ്ങളും കാപ്പാട് ടൂറിസ്റ്റ് കേന്ദ്രവുമായി ബന്ധപ്പെടുത്തി ഒരു റോഡ് നിർമ്മിക്കുന്നതിന് 36 കോടി രൂപയുടെ ഒരു പദ്ധതി ടൂറിസം ഡിപ്പാർട്ടുമെന്റിന് സമർപ്പിച്ചിട്ടുണ്ട്. വയനാട്ടിലെ ഇന്നത്തെ സാഹചര്യത്തിൽ അവിടെയൊരു വിശ്രമ സങ്കേതംകൂടിയുണ്ടാക്കിയാൽ വയനാട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്നുള്ളതുകൊണ്ട് ആ പദ്ധതിയെക്കുറിച്ച് ഒരു തീരുമാനമെടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, വയനാട് വിശ്രമകേന്ദ്രം നിർമ്മിക്കാനുള്ള പദ്ധതിയും കാപ്പാട് റോഡും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. തോമസ് ചാഴികാടൻ: സർ, കടലോര-കായൽ-കനാൽ ടൂറിസത്തിന് ഏറ്റവും സാദ്ധ്യതയുള്ള നാടാണ് എന്റേത്. കുമരകവുമായി ബന്ധപ്പെട്ട നിരവധി കനാലുകളുണ്ട്. ആ കനാലുകളുടെ ആഴംകൂട്ടി അതിലേയ്ക്കുള്ള യാത്രാ സൗകര്യമേർപ്പെടുത്തിയാൽ ധാരാളം ടൂറിസ്റ്റുകളെ ഇങ്ങോട്ട് ആകർഷിപ്പിക്കാൻ കഴിയും. ഞാൻ കിൻഫ്ര വഴി ഒരു പ്രോജക്ട് തയ്യാറാക്കി കോട്ടയം ഡി.റ്റി.പി.സി-യെ ഏൽപ്പിക്കുകയും അത് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലിരിക്കുകയുമാണ്. കുമരകത്തിന്റെ ഇന്നുള്ള ടൂറിസം സാദ്ധ്യതകളെ വളരെയേറെ വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഈ കനാൽ ടൂറിസം വികസിപ്പിക്കുന്നതിലൂടെ നമുക്ക് നേടിയെടുക്കാൻ സാധിക്കും. അതിനാവശ്യമായ ദീർഘകാല പദ്ധതി തയ്യാറാക്കി അത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: സർ, കനാലിന്റെ ആഴംകൂട്ടാനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

ശ്രീ. സാജുപോൾ: സർ, കേരളത്തിലെ പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളായ കാലടി, മലയാറ്റൂർ അതുപോലെ പെരിയാറിന്റെ തീരത്തെ ആനവളർത്തൽ കേന്ദ്രം, ഭൂതത്താൻകെട്ട്, അപൂർവ്വ ഗുഹാ ക്ഷേത്രമായ കല്ലിൽ ക്ഷേത്രം, പെരുമ്പാവൂർ നഗരത്തിലെ വനമദ്ധ്യത്തിലെ ഇരിങ്ങോൽക്കാവ് ക്ഷേത്രം. ഇതിനെയെല്ലാം ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം വികസനത്തിനുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇത് ആലോചിക്കാവുന്നതാണ്.

ശ്രീ. ഇ. എം. അഗസ്തി: സർ, പ്രതിവർഷം അഞ്ചു ലക്ഷത്തോളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന തേക്കടിയും അതുപോലെ അനന്ത സാധ്യതയുള്ള വാഗമണ്ണും എന്റെ നിയോജകമണ്ഡലത്തിലാണ്. കേരളത്തിലെ ടൂറിസം വികസനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞതനുസരിച്ച് 'ടൂറിസം വിഷൻ 2025' പ്രാവർത്തികമാക്കുമ്പോഴേയ്ക്കും ഈ പ്രദേശങ്ങൾ അധിനിവേശക്കാരുടെ കൈകളിലായിപ്പോകാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ 2025-ൽ എങ്ങനെ പരിരക്ഷിക്കാമെന്നതിനെ ലക്ഷ്യമിട്ടുകൊണ്ട് കായലോരങ്ങളും കടലോരങ്ങളും ബന്ധപ്പെടുത്തി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, ടൂറിസമെന്നു പറയുമ്പോൾ എപ്പോഴും നഗര പ്രദേശങ്ങളും അതുപോലെ കടലോര പ്രദേശങ്ങളുമാണ് എല്ലാപേരും സൂചിപ്പിക്കുന്നത്. തദ്ദേശ ടൂറിസം കേന്ദ്രങ്ങൾ കണ്ടുപിടിച്ച് വികസിപ്പിക്കുന്നതിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അങ്ങ് ഉത്തരത്തിൽ പറയുകയുണ്ടായി. കണ്ണൂർ ജില്ലയുടെ കിഴക്കൻ പ്രദേശമായ നരിക്കോടുമല കുറിച്ചി സമുദായത്തിന്റെ സ്ഥലമാണ്. പഴശ്ശി അവിടുന്ന് നടന്ന് വയനാടുവരെ പോയ പാതയുണ്ട്. വളരെ മനോഹരമായ സ്ഥലമാണ്. അത് വാനനിരീക്ഷണത്തിന് പറ്റിയ സ്ഥലമാണ്. ആ പ്രദേശത്തെക്കൂടി ഉൾക്കൊണ്ടുകൊണ്ട് ടൂറിസം കേന്ദ്രം ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ടൂറിസം വിഷൻ 2025-ൽ പെടുത്താവുന്ന ഒരു പദ്ധതിയാണ്. എന്തായിരുന്നാലും ഇതേക്കുറിച്ച് ആലോചിക്കാം.

ശ്രീ. പി. ജെ. ജോയി: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതായി സൂചിപ്പിക്കുകയുണ്ടായി. കാലടിയും മലയാറ്റൂരും ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കാലടി ഏരിയാ ഡവലപ്മെന്റ് അതോറിറ്റിക്കുവേണ്ടി ഒട്ടേറെ പ്രോജക്ടുകൾ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ അതിൽ ചില പ്രോജക്ടുകളെങ്കിലും നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: സർ, ഇക്കാര്യം പരിശോധിക്കാം.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിന്റെ പ്രകൃതിരമണീയമായ ഭൂപ്രകൃതിയെക്കുറിച്ചു പരിശോധിച്ചാൽ ഇക്കോ ടൂറിസം പദ്ധതികൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത് എന്നു കാണാം. തെൻമല ഇക്കോ ടൂറിസം പദ്ധതി ഏഷ്യയിലെ പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നാണ്. അത് ഇപ്പോൾ അങ്ങേയറ്റം അവഗണനയിലാണ്. അതുകൊണ്ട് കുളത്തൂപ്പുഴ പഞ്ചായത്ത് ഉൾപ്പെടെ പദ്ധതി പ്രദേശമായി അംഗീകരിച്ചിട്ടുള്ള ഈ ഇക്കോ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് ആവശ്യമായ പരിഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇക്കോ ടൂറിസം പദ്ധതി അവഗണനയിലല്ല, അതിനു മുൻഗണനയാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ ശനിയാഴ്ച അങ്ങ് പൈതൽമല സന്ദർശിക്കുകയുണ്ടായി. അതിനുശേഷം ഉണ്ടായ സംഭവങ്ങളിൽ ദു:ഖമുണ്ട്. ആ ദു:ഖകരമായ സംഭവങ്ങളുടെ സ്മരണയ്ക്കായിയെങ്കിലും പൈതൽമലയുടെ സമഗ്രമായ വികസനത്തിനുവേണ്ടി ഡി.ടി.പി.സി. സമർപ്പിച്ചിട്ടുള്ള രണ്ടു കോടി രൂപയുടെ പദ്ധതി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, പൈതൽമല പദ്ധതി പരിഗണിക്കാമെന്ന് അവിടെവച്ചുതന്നെ ഉറപ്പു നൽകിയതാണ്. അത് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കാവുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഇവിടെ പറഞ്ഞതിനേക്കാളെല്ലാം വളരെ പ്രാധാന്യമുള്ള സ്ഥലമാണ് ഏഴിമല. ചരിത്രപ്രാധാന്യമുള്ള ഇതിഹാസങ്ങളിലെല്ലാം വളരെ പ്രാധാന്യത്തോടെ എടുത്തു പറഞ്ഞിട്ടുള്ള ഏഴിമല ഇപ്പോൾത്തന്നെ വളരെയേറെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു കേന്ദ്രമാണ്. നേവൽ അക്കാഡമികൂടി വന്നതോടുകൂടി ഏഴിമലയുടെ പ്രാധാന്യം വർദ്ധിച്ചിരിക്കുകയാണ്. കടലും മലയും ഒന്നിച്ചുചേരുന്ന അതിമനോഹരമായ ഏഴിമല ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ കഴിയത്തക്കവിധത്തിൽ ഒരു വലിയ പ്രോജക്ടിന് രൂപം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ബഹുമാനപ്പെട്ട മെമ്പർമാർ മുന്നോട്ടുവയ്ക്കുന്ന പല പദ്ധതികൾക്കും ഞാൻ പോസിറ്റീവായിട്ട് മറുപടി പറയുന്നത് പലതും പരിഗണിക്കത്തക്കതാണ് എന്നുള്ളതുകൊണ്ടാണ്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: കേരളം മുഴുവൻ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ കഴിയുന്നതായതുകൊണ്ട് അതിനു മുഴുവനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: സർ, കൃത്യമായി ഈ കാര്യം പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് വേണ്ട ശ്രദ്ധപതിപ്പിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: കേരളത്തിന്റെ കാശ്മീരാണ് ഇടുക്കി ജില്ല. ഇടുക്കി ജില്ലയിൽ ടൂറിസം പദ്ധതികൾ ധാരാളമുണ്ടെങ്കിലും സാമ്പത്തികമായി പിൻബലം വളരെ കുറവാണ്. മൂന്നാറും തേക്കടിയും മാത്രമാണ് കാര്യമായി വികസിച്ചിട്ടുള്ളത്. ഈ ചോദ്യത്തിലെ ഉത്തരം 'സി' അനുസരിച്ച് അറിയപ്പെടാത്തതും അവികസിതവുമായ ടൂറിസം കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം എന്റെ നിയോജക മണ്ഡലത്തിൽ കീഴാർമുട്ടം, ചെറുതേൻമാരി, മീനുടിയാൻപാറ, കാറ്റാടിക്കുന്ന്, ചെപ്പുകുള തുടങ്ങി വളരെയേറെ അറിയപ്പെടാത്ത അതിമനോഹരവും വശ്യസുന്ദരവും ആയ നിരവധി കേന്ദ്രങ്ങളുണ്ട്. അത് വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇടുക്കി ജില്ലയ്ക്ക് കേരളത്തിന്റെ ടൂറിസം മാപ്പിൽ വലിയ സ്ഥാനമുണ്ട്. മൂന്നാറും തേക്കടിയും അതുപോലെ അനുബന്ധ പ്രദേശങ്ങളും വികസിപ്പിക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ടൂറിസം വികസനത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത് മലപ്പുറം ജില്ലയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിന് പ്രധാനപ്പെട്ട കാരണം ഡി.ടി.പി.സി.-യുടെ പ്രവർത്തനക്ഷമതയാണ്. അത് തീരെ വർക്ക് ചെയ്യുന്നില്ല. പേരിനു മാത്രമേയുള്ളൂ. ഇത് ശ്രദ്ധിച്ചുകൊണ്ട് ഡി.ടി.പി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഡി.ടി.പി.സി.-കൾ മൊത്തത്തിൽ പുന:സംഘടിപ്പിക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ട്.

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ തെക്കേയറ്റത്താണ് വേളി ടൂറിസ്റ്റ് വില്ലേജ്. 1980-ൽ ബഹുമാനപ്പെട്ട ചെയർ ടൂറിസം മന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ചതാണ്. ഇപ്പോഴും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടു കൊണ്ടിരിക്കുകയാണ്. ഒരിക്കലും അവസാനിപ്പിക്കുന്നില്ല. ഇത് എന്നെങ്കിലും അവസാനിക്കുമോ; ഇത് ദീർഘകാല പദ്ധതിയാണോ ഹ്രസ്വകാല പദ്ധതിയാണോയെന്ന് അറിയിക്കാമോ?

ശ്രീ. പി. ശങ്കരൻ: സർ, ഞാൻ മനസ്സിലാക്കിയിടത്തോളം ഇത് ദീർഘകാല പദ്ധതിയാണ്. ഗവൺമെന്റിന്റെ സാമ്പത്തികമായ പരിമിതിയിലും പരിധിയിലും നിന്നുകൊണ്ട് അതിനാവശ്യമായ സഹായം നൽകുന്നതാണ്.

ഡോ. കെ. സി. ജോസഫ്: സർ, കേരളത്തിലെ ഏറ്റവും വികസന സാദ്ധ്യതയുള്ള മേഖലയാണ് ടൂറിസം. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബാക്ക് വാട്ടർ ടൂറിസം. പക്ഷേ അവിടേയ്ക്ക് ഹൗസിംഗ് ബോട്ടുകളുടെ കടന്നുകയറ്റത്തെത്തുടർന്ന് കുമരകത്തോ ഏറ്റവും കൂടുതലുള്ള ജലാശയം വേമ്പനാട്

ആണെന്നു വന്നിട്ടുണ്ട്. അതുപോലെ മത്സ്യ സമ്പത്ത് കുറയുന്നു. ഹൗസ്ബോട്ടുകൾ ഉപയോഗിക്കുന്ന മണ്ണെണ്ണയും ഡീസലും ജലാശയത്തിൽ പടർന്ന് മത്സ്യസമ്പത്ത് കുറയുന്നു എന്നുള്ള രണ്ട് ആക്ഷേപങ്ങൾ വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. മനുഷ്യവിസർജ്ജ്യ വസ്തുക്കൾ ഹൗസ്ബോട്ട് ഉടമകൾ വേമ്പനാട് കായലിൽ കൊണ്ട് നിക്ഷേപിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന വലിയ വിപത്തുകളുമുണ്ട്. ടൂറിസം വികസിപ്പിക്കുന്നതോടൊപ്പം ജനങ്ങൾക്ക് മുഴുവൻ വിനാശം ഉണ്ടാക്കുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; പരിസ്ഥിതി മലിനീകരണം ഒഴിവാക്കിക്കൊണ്ടു മാത്രമേ ടൂറിസം പദ്ധതികൾ നടപ്പിലാക്കൂവെന്നുള്ള നിശ്ചയദാർഢ്യം പ്രകടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന് നിശ്ചയ ദാർഢ്യമുണ്ട്. അതുകൊണ്ടാണ് പരിസര മലിനീകരണവും മാലിന്യ നിർമ്മാർജ്ജനവും ഈ പദ്ധതിയിൽ പ്രധാന ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. എൻ. ശക്തൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്ന സ്ഥലമാണ് കോവളം. അവിടെ ഇന്ന് ബോട്ടിംഗ് സൗകര്യമില്ല. കോവളത്തേയ്ക്ക് പോകുന്ന വഴി തിരുവല്ലം മുതൽ കരമന വരെയുള്ള സ്ഥലത്ത്, ഓണക്കാലത്ത് ജലഘോഷയാത്ര വൻവിജയമായി നടത്തുകയുണ്ടായി. ഈ ഓണക്കാലത്തും ജലഘോഷയാത്ര സംഘടിപ്പിച്ചിരിക്കുകയാണ്. കോവളത്തേയ്ക്ക് പോകുന്ന വഴിയിൽ ബോട്ടിംഗ് സൗകര്യമില്ലാത്ത സാഹചര്യത്തിൽ കരമന മുതൽ തിരുവല്ലം വരെയുള്ള പ്രദേശത്ത് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സ്ഥിരം ബോട്ടിംഗിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇക്കാര്യം പരിശോധിക്കാം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ടൂറിസം രംഗത്ത് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് പിൽഗ്രിം ടൂറിസം. ഇത് തീർത്ഥാടന കേന്ദ്രങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളാണ്. ഇതിൽ കേരളാ ഗവൺമെന്റ് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ, കേരളത്തിലെ ശബരിമല, പരുമല, മഞ്ഞണിക്കര തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പിൽഗ്രിം ടൂറിസത്തിനുള്ള പദ്ധതി സമർപ്പിച്ച് അതിനുള്ള അംഗീകാരം തേടുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇക്കാര്യവും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. പി. നാരായണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ വേമ്പനാട് കായലിൽ, മുൻ മന്ത്രിയായിരുന്ന പി. എസ്. ശ്രീനിവാസന്റെ ആഗ്രഹപ്രകാരം 100 അടി ഉയരമുള്ള നടരാജ വിഗ്രഹം സ്ഥാപിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് പ്രോജക്ട് തയ്യാറാക്കി ടെന്റർ ചെയ്തു. എന്നാൽ ടെന്റർ ചെയ്തതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചലിലുള്ള ഒരു ശിൽപ്പി അതിൽ എഗ്രിമെന്റ് വയ്ക്കുകയും രണ്ട് ലക്ഷം രൂപ വാങ്ങിക്കുകയും ചെയ്തു. ഇതുവരെയായിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പല പ്രാവശ്യം ഇതു സംബന്ധിച്ച് ടൂറിസം വകുപ്പുമന്ത്രിക്ക് പരാതി എഴുതി കൊടുത്തിട്ടുള്ളതാണ്. അതിന് ഒരു മറുപടി പോലും കിട്ടിയില്ല. അത് എന്ന് നടപ്പാക്കും എന്നുള്ള കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

<u>ശ്രീ. പി. ശങ്കരൻ:</u> സർ, ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, ഇടുക്കിയിലെ ടൂറിസത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് ഇടുക്കി ആർച്ച് ഡാം സന്ദർശനവും ഇടുക്കി ജലാശയത്തിലെ ബോട്ടിംഗുമാണ്. ഇതിന് അനുമതി ലഭിക്കുക എന്നുള്ളതാണ് പ്രശ്നം. ഓണം, ക്രിസ്തുമസ് സീസണിൽ ഗവൺമെന്റ് ഇതിന് പ്രത്യേകമായ ഉത്തരവിലൂടെ അനുമതി നൽകുന്നുണ്ട്. അതിന് തടസ്സമായിട്ടുള്ളത് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ചില താൽക്കാലിക പ്രശ്നങ്ങളാണ് എന്നാണ് മനസ്സിലാകുന്നത്. ഇത് പരിഹരിക്കുന്നതിന് മന്ത്രിമാരുടെ യോഗം വിളിച്ചു കൂട്ടുമെന്ന് ടൂറിസം വകുപ്പുമന്ത്രി പല തവണ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിന് പരിഹാരം ഉണ്ടാക്കുന്നതിനും അതോടൊപ്പം തൊട്ടടുത്ത പ്രദേശമായ പാൽക്കുടംമേട് അതേപോലെ കീഴാർകുത്ത് വെള്ളച്ചാട്ടം, കല്യാണത്തണ്ട് ഇതൊക്കെ അവിടെ നിന്നും ഏഴും എട്ടും കി.മീറ്റർ മാത്രം ദൂരമുള്ള നല്ല മനോഹരമായ ടൂറിസ്റ്റ് സങ്കേതങ്ങളാണ്. അവിടേയ്ക്ക് പോകുന്ന വഴി വളരെ മോശമാണ്, അത് നന്നാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. ശങ്കരൻ:</u> സർ, ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, മട്ടാഞ്ചേരിയും ഫോർട്ട് കൊച്ചിയും ഹെറിട്ടേജ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിക്കുകയും കേന്ദ്രത്തിന്റേയും കേരളത്തിന്റേയും സഹായത്തോടുകൂടി കോടിക്കണക്കിന് രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട പ്രൊഫ. കെ. വി. തോമസ് ടൂറിസം വകുപ്പുമന്ത്രിയായിരുന്ന സമയത്ത് വളരെ വേഗത്തിൽ അതിന്റെ 1-ാം ഘട്ടം പൂർത്തിയാക്കുകയും മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ 2-ാം ഘട്ടത്തിന്റെ പണി എവിടെ വരെ എത്തി എന്നുപോലും ഒരു ജനപ്രതിനിധിയായ എനിക്ക് അറിയാൻ പറ്റുന്നില്ല. വാസ്തവത്തിൽ അവിടെ ഒരു വർക്കും നടക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും 2-ാം ഘട്ടത്തിന്റെ പണി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലാപ്സായിപ്പോകും എന്നുള്ളതാണ് ഇതിന്റെ പ്രശ്നം.

<u>ശ്രീ. പി. ശങ്കരൻ:</u> സർ, അത് ഗൗരവമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മലപ്പുറം ജില്ലയിലെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഏറ്റവും വലിയ ഒരു കാര്യമാണ് ലോകത്തിലെ ഏറ്റവും വലിയ തേക്ക്. ഇത് സ്ഥിതി ചെയ്യുന്നത് നിലമ്പൂർ, നെടുങ്കയം ഫോറസ്റ്റിലാണ്. അതുപോലെ ആനകളെ പരിശീലിപ്പിക്കുന്ന നെടുങ്കയം ക്യാമ്പും. ഇത് രണ്ടും ടൂറിസ്റ്റ് മാപ്പിലുണ്ടോ; ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇല്ലെങ്കിൽ അത് ഉൾപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഈ കാര്യവും പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ചരിത്രത്തിന്റെ തന്നെ ഭാഗമായ ഫറോക്കിലെ ടിപ്പു സുൽത്താൻകോട്ട ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. അന്തരിച്ച മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധി തന്നെ ഒരിക്കൽ ചരിത്രത്തിൽ നിന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫറോക്ക് കോട്ടയെപ്പറ്റി അന്വേഷിക്കുക യുണ്ടായി. ഇന്ന് ഫറോക്ക് കോട്ടയെപ്പറ്റി മനസ്സിലാക്കി വരുന്ന ആളുകൾക്ക് അവിടെ ഒന്നും മനസ്സിലാക്കാൻ ഇല്ലാത്ത സ്ഥിതിയിലേയ്ക്ക് മാറിയിരിക്കുകയാണ്. അതിനെ ചരിത്രത്തിന്റെ ഭാഗമാക്കിക്കൊണ്ട് പരിശോധനയ്ക്കും കാണാനും ആയി വരുന്ന ആളുകൾക്ക് ഉതകുന്ന തരത്തിൽ ഒരു സംവിധാനം അവിടെ ഒരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സർ, ടിപ്പു സുൽത്താൻകോട്ട ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. മോഹൻകുമാർ: സർ, ഒരു ദീർഘകാല ബോധവും ഇല്ലാതെ ലോക പൈതൃകങ്ങളിൽ ഒന്നായ കോവളത്തെ സർക്കാർ ഭൂമി വിറ്റഴിക്കുന്നതിനെക്കുറിച്ചുള്ള വിവാദങ്ങൾ ഇന്ന് മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഒരു പതറാത്ത നിലപാട് സ്വീകരിക്കും എന്നുള്ള പ്രതീക്ഷയാണ് ജനങ്ങൾക്കുള്ളത്. ആക്കുളത്തെ സംസ്ഥാന ഗവൺമെന്റ് നിയന്ത്രണത്തിലുള്ള 40 ഏക്കറോളം വരുന്ന ഭൂമി തുണ്ടുതുണ്ടായി വിൽക്കുന്നതിനുള്ള സൗന്ദര്യബോധമില്ലാത്ത നടപടി ഹൗസിംഗ് ബോർഡ് സ്വീകരിച്ചിരിക്കുകയാണ്. ഇത് ഈ സഭയിൽ തന്നെ സബ്മിഷൻ രൂപത്തിൽ ഞാൻ അവതരിപ്പിച്ചതാണ്. ടൂറിസം വകുപ്പ് ആ ഭൂമി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾക്കുവേണ്ടി റിസർവ്വ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഈ കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ടൂറിസത്തിന് ഏറ്റവും അധികം സാദ്ധ്യതയുള്ള പ്രദേശമാണ് വയനാട് ജില്ല. പ്രകൃതി രമണീയതകൊണ്ട് അനുഗൃഹീതമായ വയനാട് ജില്ലയിൽ ഡി.റ്റി.പി.സി. കുറേ കാര്യങ്ങൾ നടത്തി എന്നുള്ളതൊഴിച്ചാൽ ടൂറിസത്തിന് സാദ്ധ്യതയുള്ള വയനാട് ജില്ലയിൽ അതിനുവേണ്ടി കാര്യമായി യാതൊരു പ്രവർത്തനവും നടക്കുന്നില്ല. ഊട്ടി, ബാംഗ്ലൂർ, മൈസൂർ തുടങ്ങിയ പ്രദേശങ്ങളുമായി ഏറെ ബന്ധിപ്പിക്കപ്പെടുന്ന, ഏറ്റവും അധികം ടൂറിസ്റ്റുകൾ വന്നു പോകുന്ന ഒരു പ്രദേശം എന്നുള്ള നിലയ്ക്ക് വയനാടിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ടൂറിസം സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: അവിടെ പ്രൈവറ്റ് സെക്ടറിൽ ഒരുപാട് ഡെവലപ്മെന്റ്സ് നടക്കുന്നുണ്ടല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ: പ്രൈവറ്റ് സെക്ടർ ഉണ്ട്. അതുകൂടി ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനം ഉണ്ടാകണം.

ശ്രീ. പി. ശങ്കരൻ: സർ, സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടും ടൂറിസം വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്ജ്: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ എല്ലാ മേഖലയും ടൂറിസത്തിന് പറ്റിയ പ്രദേശങ്ങളാണ്. പക്ഷേ ചരിത്ര പ്രസിദ്ധമായ ചില പ്രദേശങ്ങൾക്ക് പ്രാധാന്യം വളരെ അധികമാണ്. ബഹുമാനപ്പെട്ട മോഹൻകുമാർ ഇവിടെ സൂചിപ്പിച്ച വിഷയത്തെക്കുറിച്ചാണ് എന്റെ ചോദ്യം. കേരളത്തിലെ ജനങ്ങളുടെ അഭിമാനമാണ് കോവളം കൊട്ടാരം. ആ കോവളം കൊട്ടാരം ഒരു തർക്ക പ്രശ്നമാക്കി മാറ്റിയിരിക്കുകയാണ്. അത് നമ്മുടെ സംസ്ഥാനത്തിന് തന്നെ അപമാനമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. കോവളം കൊട്ടാരം എത്രയും വേഗം ഏറ്റെടുത്ത് ചരിത്ര പ്രസിദ്ധമായ ആ പ്രദേശം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വിപുലീകരിക്കുന്നതിനുള്ള ശ്രമം നടത്തുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിറ്റിയുടെ മുൻപിലാണ് ഈ പ്രശ്നം ഉള്ളത്. അതുകൊണ്ട് കൂടുതൽ വിവരങ്ങൾ ആ കമ്മിറ്റിയുടെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

മി. സ്പീക്കർ: വിക്രം സാരാഭായി 1970-ൽ ഈ പാലസിൽ കിടന്നാണ് മരിച്ചത്. അന്ന് ഞാൻ മിനിസ്റ്ററായിരുന്നു. ഞാൻ അവിടെ പോയതാണ്. അന്ന് ഇത് ഗവൺമെന്റ് വകയായിരുന്നു എന്നാണ് എന്റെ ഓർമ്മ. അത് ഒന്ന് പരിശോധിച്ചാൽ കൊള്ളാം.

ശ്രീ. പി. ശങ്കരൻ: സർ, അങ്ങയുടെ അഭിപ്രായത്തിൽ നിന്ന് വ്യത്യസ്തമായ ഒരു അഭിപ്രായമല്ല എനിക്ക് ഉള്ളത്. പക്ഷേ ഈ കാര്യം പരിശോധിച്ചാൽ മാത്രമേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, അവികസിത ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വച്ച് ഏറ്റവും പ്രമുഖമായതാണ് ഇരിട്ടിയും പ്രാന്തപ്രദേശങ്ങളും ഉൾക്കൊള്ളുന്നത്. ഇരിട്ടി ഇക്കോ ടൂറിസം പദ്ധതി അങ്ങയുടെ മുൻപിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. അതിന് ആവശ്യമായ പരിഗണന നൽകിക്കൊണ്ട് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഇരിട്ടി ഇക്കോ ടൂറിസം പദ്ധതി ഗവൺമെന്റിന്റെ മുമ്പിൽ ഉണ്ട്. ഈ കാര്യം പരിശോധിക്കുന്നതാണ്.

ഭൂഗർഭ ജലനിരപ്പ്

*2 [504] ശ്രീ. എം. കുമാരൻ:
" ബിനോയ് വിശ്വം:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് താഴുന്നതായുള്ള റിപ്പോർട്ടുകളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;